## തിരുവനന്തപുരം വനംവകുപ്പ് ആസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : ദിലീപ് കുമാർ.റ്റി.ഐ

വിഷയം: വനം വകുപ്പ് - ജീവനക്കാര്യം- 01-01-2018 തീയതി കണക്കാക്കി പ്രസിദ്ധീകരിച്ച എൽ.ഡി. ടൈപ്പിസ്റ്റ്മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.രേണുകാദേവി.ഒ-യെ ഉൾപ്പെടുത്തികൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

സൂചന:

1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ കൊല്ലത്തിന്റെ 10-01-2020-ലെ QE2-7858/19 നമ്പർ കത്ത്.
2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കൊല്ലം ജില്ലാ ഓഫീസറുടെ 19-09-2016-ലെ QRIII(2) 2155/2009(6) നമ്പർ നിയമനശുപാർശ.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സതേൺ സർക്കിൾ കൊല്ലത്തിന്റെ 01-10-2016 ലെ SO No.36/2016.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17-06-2019 E2-26371/2018(2) നമ്പർ ഉത്തരവ്.
5. ഈ ഓഫീസിലെ 06-03-2020 ലെ ഇതേ നമ്പർ കത്ത്

**ഉത്തരവ് നമ്പർ ഇ2-3741/2019 തീയതി: 02-06-2020**

അച്ചൻകോവിൽ ഡിവിഷനിൽ എൽ.ഡി.ടൈപ്പിസ്റ്റായി 07-10-2016-ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി.രേണുകദേവി.ഒ-യെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ 01-01-2018 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സൂചന (1) പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലം ശുപാർശ സമർപ്പിച്ചിട്ടുണ്ട്. സൂചന (2) നിയമന ശുപാർശയുടേയും സൂചന (3) നിയമന ഉത്തരവിന്റെയും അടിസ്ഥാനത്തിൽ എൽ.ഡി.ടൈപ്പിസ്റ്റായി 07-10-2016-ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി.രേണുകാദേവി.ഒ, ടിയാളുടെ നിയമന ശുപാർശ തീയതിയായ 19-09-2016 തീയതി മുതലുള്ള സീനിയോറിറ്റി ലഭിക്കുന്നതിന് അർഹയാണെന്ന് കാണുന്നു. സൂചന(4) പ്രകാരം പ്രസിദ്ധീകരിച്ച എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ 01-01-18 തീയതി പ്രബല്യത്തിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ സീരിയൽ നമ്പർ (28) ആയ ശ്രീമതി.ഗംഗ.ജി, സീരിയൽ നമ്പർ (29) ആയ ശ്രീ.സിദ്ദീഖ്.എ എന്നിവർക്ക് മദ്ധ്യേ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്നതിന് ശ്രീമതി.രേണുകാദേവി.ഒ-യ്ക്ക് അർഹതയുണ്ട്. ടി വിഷയം സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ള പക്ഷം ആയത് ഈ ഓഫീസിലേക്ക് അറിയിക്കുവാൻ സൂചന (5) പ്രകാരം മേൽ പറഞ്ഞ സീനിയോറിറ്റി

HA 3/6/20

ലിസ്റ്റിലെ സീരിയൽ നമ്പർ (29) മുതൽ ഉള്ളവർക്ക് കത്ത് നൽകിയിരുന്നു എങ്കിലും ആരിൽ നിന്നും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല

മേൽ സാഹചര്യത്തിൽ 01-01-2018 തീയതി പ്രാബല്യത്തിലുള്ള എൽ.ഡി.ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ക്രമനമ്പർ (28) ശ്രീമതി.ഗംഗ.ജിയ്ക്കും ക്രമനമ്പർ (29) ശ്രീ.സിദ്ദീഖ്.എ-യ്ക്കും മദ്ധ്യേ ക്രമനമ്പർ 28(എ) ആയി ശ്രീമതി.രേണുകാദേവി.ഒ-യെ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവാകുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ് :
1. ജീവനക്കാരിക്ക് മേലധികാരി മുഖേന നൽകുന്നു.
2. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ, കൊല്ലത്തിന് അറിവിലേക്കായി നൽകുന്നു.
3. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (ഐ.റ്റി)യ്ക്ക് വനം വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നൽകുന്നു.